# നീരയുടെ ഉൽപ്പാദനം കാർഷിക വകുപ്പിന് കീഴിലാക്കണം: സ്വതന്ത്ര കർഷക സംഘം

കണ്ണൂർ: നീരയുടെ ഉൽപ്പാദനവും സംസ്കരണവും എക്സൈസ് വകുപ്പിൽ നിന്നു മാറ്റി കൃഷിവകുപ്പിന്റെ കീഴിൽ പ്രത്യേക ബോർഡ് രൂപീകരിക്കണമെന്ന് സ്വതന്ത്രകർഷക സംഘം സംസ്ഥാന പ്രസിഡണ്ട് കുറുക്കോളി മൊയ്തീനും, ജനറൽ സെക്രട്ടറി ടി.പി.മമ്മു വും ആവശ്യപ്പെട്ടു. നീര ഉൽപ്പാദിപ്പിക്കുന്നത് കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കാനല്ല മറിച്ച് നാളികേര കർഷകരുടെ താൽപ്പര്യം സംരക്ഷിക്കാനാണ് എന്ന് സർക്കാർ വിസ്മരിക്കരുത്. ചെത്ത് തൊഴിലാളികളുടെയും, കള്ള് മുതലാളിമാരുടേയും താൽപ്പര്യം അല്ല സർക്കാറിന് മഥിക്കേണ്ടത്. മറിച്ച് നാളികേര കർഷകരുടേതാണ്. സർക്കാർ വിവിധ കർഷക സംഘടന പ്രതിനിധികളെ വിളിച്ച് അഭിപ്രായം ചോദിക്കാത്തത് ശരിയല്ലെന്നും സ്വതന്ത്രകർഷക സംഘം ഭാരവാഹികൾ അഭിപ്രായപ്പെട്ടു. ഈ ആവശ്യം ഉന്നയിച്ച് ജൂൺ 17ന് സ്വതന്ത്ര കർഷക സംഘം സമരം സംഘടിപ്പിച്ചിരുന്നു. തെങ്ങ് സമൃദ്ധമായി കൃഷി ചെയ്യുന്ന മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളേക്കാൾ നന്നെ കുറവ് കൃഷി ചെയ്യുന്ന പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകൾക്ക് നീര ഉൽപ്പാദനത്തിന് മുൻഗണന നൽകിയതിൽ കർഷകർക്ക് ആശങ്കയുണ്ട്. ഇത് അബ്കാരി മുതലാളിമാരുടെ താൽപ്പര്യമാണ്. കള്ള് ചെത്ത് തൊഴിലാളികൾ നീര ചെത്താൻ തയ്യാറാവുന്നതിൽ ആർക്കും എതിർപ്പില്ല എന്നാൽ നീരയും കള്ളും കൂടി ഒരു പാത്രത്തിൽ വിളമ്പാൻ സമ്മതിക്കില്ല. നീരക്ക് വേണ്ടി ബീവറേജ് കോർപ്പറേഷൻ മാതൃകയിൽ പ്രത്യേക ബോർഡ് രൂപീകരിക്കാൻ സർക്കാർ തയ്യാറാവണം. ഇത് സംബന്ധിച്ച് കർഷക സംഘങ്ങളുടെ യോഗം വിളിച്ചു ചേർത്ത് അഭിപ്രായം സ്വരൂപിക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു.